മുദ്രകൾ

# അറബികൾ പഠിക്കുമോ ഈ പാഠങ്ങൾ?

**ഇസ്രയേൽ** ആക്രമിച്ച ഗസ്സയിലേക്കുള്ള ദുരിതാശ്വാസ കപ്പൽ വ്യൂഹത്തിനു നേതൃത്വം നൽകിയത് തുർക്കിയായിരുന്നല്ലോ. തുടർന്ന് മുമ്പെങ്ങുമില്ലാത്തവിധം ഇസ്രയേൽ ഒറ്റപ്പെടുന്നതും നാം കണ്ടു. തുർക്കിയുടെ സമീപകാലത്തെ ഏറ്റവും വലിയ നയതന്ത്ര വിജയമായാണ് ഇത് വിലയിരുത്തപ്പെടുന്നത്. ഏതാനും സന്നദ്ധ പ്രവർത്തകരെ ബലികൊടുക്കേണ്ടിവന്നെങ്കിലും, ഒരു വെടിയുണ്ട പോലും ഉതിർക്കാതെയാണ് ഇസ്രയേൽ പ്രതിരോധത്തിലേക്ക് തള്ളപ്പെട്ടിരിക്കുന്നത്.

സംഭവത്തിൽ അറബ് രാഷ്ട്രങ്ങൾക്ക് മാത്രമല്ല, തുർക്കിക്കും ചില പാഠങ്ങൾ പഠിക്കാനായി. ആദ്യം, തുർക്കി പഠിച്ച പാഠം: പാശ്ചാത്യരുടെ വാലിൽ തൂങ്ങുന്ന നയമാണ് തുർക്കി ദശകങ്ങളായി തുടർന്നു വരുന്നത്. പാശ്ചാത്യലോകത്ത് വാൽക്കഷ്ണമായി നിൽക്കുന്നതല്ല, ഇസ്‌ലാമിക ലോകത്ത് കേന്ദ്ര സ്ഥാനത്ത് നിൽക്കുന്നതാണ് ബുദ്ധി എന്ന് ഇതോടെ അവർക്ക് മനസ്സിലായി. പ്രമുഖ പാശ്ചാത്യ നയതന്ത്ര വിദഗ്ധൻ ഗ്രഹാം ഫേവർ ഒരിക്കൽ പറഞ്ഞിട്ടുണ്ട്: "മുസ്‌ലിം ലോകത്തിന്റെയും പാശ്ചാത്യ ലോകത്തിന്റെയും ഇടക്കുള്ള പാലമായി മാറാനാണ് തുർക്കി ആഗ്രഹിക്കുന്നത്. പാശ്ചാത്യരാകട്ടെ, തങ്ങൾക്കും മുസ്‌ലിം ലോകത്തിനുമിടക്ക് ഒരു മതിൽകെട്ടായി തുർക്കി നിൽക്കട്ടെ എന്നാണ് വെച്ചത്." ഇസ്‌ലാമിക പാരമ്പര്യത്തിന്റെ വേരുകൾ അറുത്തുമാറ്റി സാക്ഷാൽ മതിൽകെട്ടായി മാറാനാണ് കഴിഞ്ഞ കാലങ്ങളിലെ തുർക്കി ഭരണകൂടം ശ്രമിച്ചത്. കപ്പൽ ആക്രമണത്തോടെ തുർക്കി ശരിക്കും ഇസ്‌ലാമിക ലോകത്തേക്കുള്ള പാലമായി പരിണമിച്ചിരിക്കുന്നു. ഇത് വാലിൽനിന്ന് തലയിലേക്കുള്ള കൂടുമാറ്റം കൂടിയാണ്.




സ്വന്തമായ ഒരു നിലപാട് തറയിൽ നിന്നുകൊണ്ട് മറ്റു രാഷ്ട്രങ്ങളുമായി സൗഹൃദബന്ധങ്ങൾ നിലനിർത്തി എന്നതാണ് തുർക്കിയുടെ വിജയം. ഇത് പാശ്ചാത്യ –പൗരസ്ത്യ ലോകങ്ങളിൽ ഒരുപോലെ തുർക്കിക്ക് സുഹൃത്തുക്കളെ നേടിക്കൊടുത്തു. തുർക്കി അതിന്റെ ഇസ്‌ലാമികമായ പാരമ്പര്യത്തിലേക്ക് തിരിച്ചുപോയപ്പോൾ തന്നെ, ചില തീവ്ര സലഫി വിഭാഗങ്ങൾ ചെയ്തതുപോലെ പാശ്ചാത്യരെ ഒന്നടങ്കം മുഖ്യശത്രുക്കളായി പ്രഖ്യാപിച്ചില്ല എന്നതും ഈ നയതന്ത്ര വിജയത്തിന് കാരണമാണ്.

പൗരാണിക അറബ് സാഹിത്യകാരൻ ജാഹിളിന്റെ രസകരമായ ഒരു വിവരണമുണ്ട്. തുർക്കികളുടെ ഗുണഗണങ്ങൾ എടുത്ത് പറയുന്ന കൂട്ടത്തിൽ അദ്ദേഹം പറഞ്ഞു: "തുർക്കി പടയാളിക്ക് നാല് കണ്ണുകളുണ്ട്. രണ്ടെണ്ണം മുഖത്തും രണ്ടെണ്ണം പിരടിയിലും." തുർക്കി വിദേശനയത്തിന്റെ ശിൽപിയായ വിദേശകാര്യമന്ത്രി അഹ്മദ് ദാവൂദ് ഒഗ്‌ലുവിനെ ഒരു എഴുത്തുകാരൻ വിശേഷിപ്പിച്ചത്: 'മാക്കിയവല്ലിയുടെയും ജലാലുദ്ദീൻ റൂമിയുടെയും മിശ്രിതം' എന്നാണ്. കിഴക്കിന്റെ ഹൃദയവും

പടിഞ്ഞാറിന്റെ ബുദ്ധിയും അവിടെ സംഗമിക്കുന്നു എന്നർഥം. ഇസ്‌ലാമിക ലോകത്തിന്റെ നവോത്ഥാനത്തിന് മഹാകവി ഇഖ്ബാൽ നിർദേശിച്ചതും ഇതേ പരിഹാരമായിരുന്നല്ലോ.

ആഭ്യന്തര ജനാധിപത്യമുള്ള രാഷ്ട്രത്തിനേ മറ്റുള്ളവരെ പിന്നിൽ അണിനിരത്തുന്ന മികച്ച നയതന്ത്രം പുറത്തെടുക്കാനാവൂ. അറബ് നാടുകൾക്ക് അത് കഴിയാതെ പോകുന്നതും ആഭ്യന്തര ജനാധിപത്യത്തിന്റെ അഭാവം കൊണ്ടാണ്. ഗസ്സ ഉപരോധത്തിന്റെ ബീഭത്സത തുർക്കി ലോക ശ്രദ്ധയിൽ കൊണ്ടുവന്നതോടെ അറബ് രാഷ്ട്രങ്ങൾ അക്ഷരാർഥത്തിൽ നാണം കെട്ടു. അസൂയയും കുശുമ്പും മൂത്ത് തുർക്കിയെ പഴിപറയുകയല്ലാതെ പിന്നെയൊന്നും അവർക്ക് ചെയ്യാനില്ല. 'ഗസ്സയുടെ കാര്യത്തിൽ തുർക്കിക്ക് ലക്ക് തെറ്റിയതുപോലെയുണ്ട്' എന്നാണ് ഒരു ഔദ്യോഗിക ഈജിപ്ഷ്യൻ വക്താവ് പ്രതികരിച്ചത്. ഗസ്സക്കാരെ പട്ടിണിക്കിട്ട് കൊല്ലാൻ അവശേഷിക്കുന്ന അതിർത്തിയും അടച്ചുകളയുകയാണ് ഈജിപ്ത് ചെയ്തതെന്നോർക്കണം.

ഇതുപോലുള്ള മികച്ച രാഷ്ട്രീയ വിശകലനങ്ങളാൽ സമ്പന്നമാണ് മുഹമ്മദ് മുഖ്താർ ശൻഖീതി *അൽജസീറ* നെറ്റിൽ (അറബി) എഴുതിയ 'അറബികൾക്ക് തുർക്കി നൽകുന്ന പാഠങ്ങൾ' എന്ന ലേഖനം (6.6.2010). ■

# പുതിയ നിയോഗവുമായി ബറാദഇ

**മുൻ** അന്താരാഷ്ട്ര ആണവോർജ ഏജൻസി തലവൻ മുഹമ്മദ് ബറാദഇ പുതിയൊരു നിയോഗം ഏറ്റെടുക്കാനുള്ള തയാറെടുപ്പിലാണ്. സ്വന്തം നാട്ടുകാരായ ഈജിപ്തുകാർ പ്രതീക്ഷയോടെയാണ് അദ്ദേഹത്തിലേക്ക് ഉറ്റുനോക്കുന്നത്. ഈജിപ്തിന്റെ സാമൂഹിക രാഷ്ട്രീയ ജീവിതത്തെയും സമ്പദ്ഘടനയെയും അടിമുടി തകർത്ത, പതിറ്റാണ്ടുകളായി തുടരുന്ന ഏകാധിപത്യ വാഴ്ചക്ക് അറുതി വരുത്താൻ അദ്ദേഹത്തിന് സാധിക്കുമോ? അടുത്ത ഈജിപ്ഷ്യൻ പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ ഭരണകക്ഷി സ്ഥാനാർഥി നിലവിലുള്ള പ്രസിഡന്റ് ഹുസ്നി മുബാറക്കോ മകൻ ജമാൽ മുബാറക്കോ ആരായിരുന്നാലും പ്രതിപക്ഷത്തിന്റെ സംയുക്ത സ്ഥാനാർഥി ബറാദഇ ആയിരിക്കുമെന്ന് ഏറെക്കുറെ ഉറപ്പായിക്കഴിഞ്ഞു.

സ്ഥാനാർഥിയാവുന്നതിന്റെ മുന്നോടിയായി അദ്ദേഹം ഈജിപ്തിലുടനീളം സന്ദർശനം നടത്തി വരികയാണ്. ആത്മവിശ്വാസം പകരുന്ന, ആവേശകരമായ സ്വീകരണമാണ് അദ്ദേഹത്തിന് ലഭിക്കുന്നത്. "ഈ സമൂഹം ധൈര്യമാർജിച്ചിരിക്കുന്നു. തെരുവിലിറങ്ങാനും അവകാശങ്ങൾക്ക് വേണ്ടി പ്രതിഷേധ പ്രകടനങ്ങൾ നടത്താനും തൊഴിലാളികളും മറ്റും കരുത്ത് നേടിയിരിക്കുന്നു." രാഷ്ട്രീയ പരിഷ്കരണമാണ് ബറാദഇ ആവശ്യപ്പെടുന്നത്. പരിഷ്കരണത്തിനുള്ള ദേശീയവേദി എന്നാണ് അദ്ദേഹം രൂപം നൽകിയ കൂട്ടായ്മയുടെ പേരും. മൂന്ന് മാസം മുമ്പ് ഈജിപ്തിലേക്ക് തിരിച്ചുവന്നയുടൻ, മുഖ്യ പ്രതിപക്ഷ കക്ഷികളോട് തെരഞ്ഞെടുപ്പ് ബഹിഷ്കരിക്കാനാണ് ബറാദഇ ആവശ്യപ്പെട്ടിരുന്നത്. വ്യാപകമായ തെരഞ്ഞെടുപ്പ് കൃത്രിമങ്ങൾ നടക്കുന്നതിനാൽ മത്സരിച്ചതുകൊണ്ട് കാര്യമില്ലെന്നായിരുന്നു അദ്ദേഹത്തിന്റെ നിലപാട്. പ്രതിപക്ഷം മത്സരിക്കുന്ന പക്ഷം അത് ഏകാധിപത്യത്തിന് നിയമസാധുത നൽകുമെന്നും അദ്ദേഹം പറഞ്ഞിരുന്നു.

ആ നിലപാടിൽനിന്ന് മാറി മത്സരിക്കാൻ തന്നെ അദ്ദേഹം തീരുമാനിച്ചിരിക്കുകയാണ്. പിന്തുണ തേടി അദ്ദേഹം ആദ്യം ചെന്നത് ഇഖ്വാനുൽ മുസ്‌ലിമൂന്റെ പാർലമെന്ററി പാർട്ടി ഓഫീസിലേക്കാണ്. ഇഖ്വാൻ അനുകൂലമായാണ് പ്രതികരിച്ചത്. രാജ്യത്തെ ഏറ്റവും വലിയ പ്രതിപക്ഷമായ ഇഖ്വാന് രാഷ്ട്രീയ പാർട്ടി രൂപവത്കരിക്കാനുള്ള അനുവാദം നൽകണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ഇഖ്വാന്റെ മുഖ്യ കാര്യദർശിയെയും അദ്ദേഹം അടുത്തു തന്നെ കാണും. ഇടതുപക്ഷവുമായും ചർച്ചകൾ നടത്തുന്നുണ്ട്. ഏതായാലും ബറാദഇ വലിയ




മുഹമ്മദ് ബറാദഇ ഈജിപ്തിലെ
ഒരു പര്യടനത്തിനിടയിൽ

പ്രതീക്ഷയിലാണ്. "ഈജിപ്ഷ്യൻ ജനത ഐക്യപ്പെട്ടാൽ, മാറ്റം ആവശ്യപ്പെടുന്ന 80 മില്യൻ ജനങ്ങൾക്ക് മുമ്പിൽ പിടിച്ചുനിൽക്കാൻ ആർക്കുമാവില്ല." ഇത്തവണയെങ്കിലും സംശുദ്ധമായ തെരഞ്ഞെടുപ്പ് നടത്താൻ അന്താരാഷ്ട്ര സമൂഹം ജാഗ്രത പുലർത്തിയാൽ ഹുസ്നി മുബാറകിന് നന്നായി വിയർക്കേണ്ടിവരും. ■

## മുതലാളിത്തത്തിന്റെ അടിസ്ഥാന ദൗർബല്യങ്ങളിലേക്ക് കടക്കുന്നില്ല

**ജീവിച്ചിരിക്കുന്ന** മുൻനിര സാമ്പത്തിക ശാസ്ത്രജ്ഞരിൽ ഒരാളാണ് ജോസഫ് സ്റ്റിഗ്ളിറ്റ്സ്. ലോക ബാങ്കിൽ ചീഫ് ഇക്കണോമിസ്റ്റ് എന്ന തസ്തികയിൽ ജോലി ചെയ്തിട്ടുണ്ട്. 2001ൽ സാമ്പത്തിക ശാസ്ത്രത്തിൽ നോബൽ പുരസ്കാരം. വ്യാപകമായി വായിക്കപ്പെട്ട 'ആഗോളീകരണത്തെ എങ്ങനെ പ്രവർത്തനക്ഷമമാക്കാം' (Making Globalization Work) എന്ന അദ്ദേഹത്തിന്റെ കൃതി ആഗോളീകരണാശയങ്ങൾക്ക് ലഭിച്ച അംഗീകാരമായിരുന്നു. ആഗോളീകരണത്തിന്റെ അസംതൃപ്തികളെക്കുറിച്ചും (Globalization and Its Discontents) അദ്ദേഹം പിന്നീട് എഴുതുകയുണ്ടായെങ്കിലും. എന്നാൽ കമ്പോള വ്യവസ്ഥക്കെതിരെ അതിരൂക്ഷമായ വിമർശനമഴിച്ചു വിടുന്നതാണ് അദ്ദേഹത്തിന്റെ Freefall എന്ന പുതിയ കൃതി. 'സ്വതന്ത്ര കമ്പോളവും ആഗോള സമ്പദ്ഘടനയുടെ മുങ്ങിത്താഴ്ചയും' എന്നാണ് ഇതിന്റെ ഉപശീർഷകം.




രണ്ട് ദശകങ്ങളിലെ അമേരിക്കൻ സമ്പദ്ഘടനയുടെ ഉയർച്ച താഴ്ചകൾ ഇതിൽ സവിസ്തരം പ്രതിപാദിക്കുന്നു. മുതലാളിത്ത സമ്പദ്ഘടനയുടെ 'കാറ്റ് വീഴ്ച'ക്ക് കാരണവും സ്റ്റിഗ്ളിറ്റ്സ് കണ്ടെത്തുന്നു– കമ്പോള മൗലികവാദം! റീഗനോമിക്സും ബർലിൻ മതിലിന്റെ തകർച്ചയും സോവിയറ്റ് യൂനിയന്റെ തിരോധാനവുമൊക്കെയാണ് ഈ മൗലികവാദത്തെ ശക്തിപ്പെടുത്തിയത്. അതിന്റെ ദുരന്തമാണ് ഇപ്പോഴും ഒഴിഞ്ഞുപോയിട്ടില്ലാത്ത ആഗോള സാമ്പത്തിക പ്രതിസന്ധി. ആത്മരോഷത്തോടെ സ്റ്റിഗ്ളിറ്റ്സ് എഴുതുന്നത് കാണുക: "ധാർമിക പ്രതിബദ്ധതയെ ഭൗതികത അടക്കിവാഴുന്ന ഒരു സമൂഹത്തെ നിർമിക്കുന്ന പാതയിലൂടെയായിരുന്നു നമ്മുടെ സഞ്ചാരം. അതുവഴി നാം കൈവരിച്ച സത്വര വളർച്ച പരിസ്ഥിതിക്കോ സാമൂഹികതക്കോ ഒട്ടും യോജിച്ചതായിരുന്നില്ല. നമ്മുടെ പൊതു ആവശ്യങ്ങളെ അഭിസംബോധന ചെയ്യാൻ ഒരു സമൂഹം എന്ന നിലക്ക് നമുക്ക് സാധിച്ചതുമില്ല. അമിതമായ വ്യക്തിവാദവും കമ്പോള മൗലികവാദവും നമ്മുടെ സാമൂഹിക ബോധത്തെ ചോർത്തിക്കളഞ്ഞു... ഇത് പരസ്പര വിശ്വാസത്തിന്റെ തകർച്ച കൂടിയാണ്... ഈ പിളർപ്പുകൾ അടക്കാൻ വളരെ വൈകിപ്പോയി."

ഇത്തരം പുസ്തകങ്ങളുടെ ഒടുവിൽ എന്താണ് പരിഹാരം എന്നൊരു അധ്യായവുമുണ്ടായിരിക്കും. ഈ പുസ്തകത്തിലും അതുണ്ട്. ഇന്ത്യയിലെ പ്രശസ്ത സാമ്പത്തികകാര്യ ലേഖകനായ സി.ടി കുര്യൻ നിരീക്ഷിച്ചതുപോലെ, വളരെ നിരാശാജനകമാണ് ആ അധ്യായത്തിലെ പരിഹാര നിർദേശങ്ങൾ (*ദ ഹിന്ദു* 2010, ജൂൺ 8). നികുതി കൂട്ടിയും വിദ്യാഭ്യാസ–വൈദ്യ–പരിസ്ഥിതി–സാമൂഹിക സുരക്ഷാ മേഖലകളിൽ ഭരണകൂട ഇടപെടൽ കാര്യക്ഷമമാക്കിയും പ്രതിസന്ധി മറികടക്കാമെന്നാണ് അദ്ദേഹത്തിന്റെ വാദം. മുതലാളിത്ത സമ്പദ്ഘടനയുടെ അടിസ്ഥാന ദൗർബല്യങ്ങളിലേക്ക് ആരും കടന്നുചെല്ലുന്നില്ല എന്നർഥം. അതാണ് ഇത്തരം പുസ്തകങ്ങളുടെ ഒന്നാമത്തെ പോരായ്മയും. ■